ആഭിമുഖ്യത്തിൽ വികസിപ്പിച്ചുവരുന്നു. അടൂർ കിൻഫ്ര പാർക്കിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക പി.വി.സി. ടഫ്റ്റഡ് ഉൾപ്പെടെയുള്ള സംയോജിത യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. കയർ മാറ്റസ് ആന്റ് മാറ്റിംഗ്സ് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള കയർ ലൂമും വികസിപ്പിച്ചുവരുന്നു. റബ്ബറിൽ കയർപിത്ത് ഫില്ലർ മെറ്റീരിയൽ ആയി ഉപയോഗിച്ച് ചെരുപ്പ്, ഡോർമാറ്റ് മുതലായ ഉൽപ്പന്നങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കയർ മേഖലയ്ക്കാവശ്യമുള്ള യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് യന്ത്രനിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കയർ മാർക്കറ്റിംഗ് രംഗത്ത് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്ത നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ലാഭ-നഷ്ട കണക്കുകൾ

204 (4195) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ 2011-12, 2012-13 വർഷങ്ങളിലെ ലാഭ-നഷ്ട കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം കമ്പനികളിലാണ് ഇപ്പോൾ ഉൽപ്പാദനം മുടങ്ങിയിരിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2011-12,2012-13 വർഷങ്ങളിലെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ ഒരിടത്തും ഉൽപ്പാദന പ്രവർത്തനങ്ങൾ മുടങ്ങിയിട്ടില്ല.

മലബാർ സിമന്റ്സ് വിപുലീകരണ പദ്ധതി

205 (4196) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly